പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2073 — 07.03.2017 -ൽ മറുപടിക്ക്.

## പെട്രോൾ പമ്പുകൾ പരിശോധിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ പെട്രോൾ, ഡീസൽ എന്നിവയിൽ മായം കലർത്തുന്നതും അളവിൽ കൃത്രിമം കാണിക്കുന്നതും സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇത്തരം പമ്പുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത് ; | (സി) മിനിസ്ട്രി ഓഫ് പെട്രോളിയം ആന്റ് നാചറൽ ഗ്യാസിന്റെ 2012 ലെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ് പ്രകാരം പൊതുമേഖല എണ്ണക്കമ്പനികൾ ഇത്തരം പമ്പുകൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ അളവിലെ കൃത്രിമങ്ങൾ തടയുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് നിരന്തര പരിശോധനകൾ നടത്തുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) ഉപഭോക്താക്കളുടെ പരാതിയിന്മേലല്ലാതെ സ്വമേധയാ ഇത്തരം പമ്പുകൾ പരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാറുണ്ടോ ; ഇത്തരം ചൂഷണങ്ങൾ തടയുന്നതിന് നടപടികൾ കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) പെട്രോളിന്റെയും ഡീസലിന്റെയും ഗുണനിലവാരവും അളവും ഉറപ്പ് വരുത്തുന്നതിനായി എണ്ണക്കമ്പനികൾ ഔട്ട് ലെറ്റുകളിൽ നിരന്തര പരിശോധനകൾ നടത്തുകയും ഇതിനു പുറമെ കമ്പനികളുടെ ആന്റി അഡൾട്ടറേഷൻ സെൽ ആകസ്മിക പരിശോധനകളും നടത്തുകയും സാമ്പിളുകൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. അളവ് സംബന്ധിച്ച ചൂഷണങ്ങൾ തടയുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധനകൾ സ്വമേധയാ നടത്തി വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ